പ്രിയപ്പെട്ട എഴുത്തുകാർക്ക്,

ഇത് സായാഹ്നയുടെ അഭ്യർത്ഥനയാണ്.

നമ്മുടെ സാംസ്കാരിക ഇടത്തെ, അതിലെ വീര്യവും വീഴ്ചയും ആശയും സ്വപ്നവും എല്ലാം, അന്വേഷിക്കുന്ന രചനകളെയും എഴുത്തുകാരെയും അവതരിപ്പിക്കുക എന്ന ഒരു ശ്രമത്തിലാണ് സായാഹ്ന ഇപ്പോൾ. ഇതുവരെയുള്ള വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ നിന്നു വായനക്ക് കൂടുതൽ ഇടമുള്ള ഒരു വേദി കണ്ടെത്തുകയാണ്. അതിന്റെ ഭാഗമായി ഒരു വെബ് പോർട്ടൽ, ഏറ്റവും പുതിയതും നല്ലതുമായ സാങ്കേതിക സഹായത്തോടെ ആരംഭിക്കുകയാണ്.

- കേരളത്തിന്റെ സംസ്കാരത്തിലും രാഷ്ട്രീയത്തിലും ചരിത്രത്തിലും ക്രിയാത്മകമായി ഇടപെടുന്ന ഒരു പ്രബന്ധം,
- മികച്ച ഒരു കഥ അല്ലെങ്കിൽ മികച്ച ഒരു കവിത,
- കലാ സംബന്ധിയായ ഒരു ലേഖനം/വിമർശനം/റിവ്യൂ.

ഇങ്ങനെ മൂന്ന് ഇനങ്ങൾ മാത്രമായിരിക്കും ഒരു ലക്കം. ഇത് ഇപ്പോൾ ആഴ്ചയിൽ ഒന്ന് എന്നും വായനക്കാരുടെ പിന്തുണയുടെ ഉറപ്പോടെ ആഴ്ചയിൽ രണ്ട് എന്നുമാണ് ഉദ്ദേശിക്കുന്നത്. ഇത് വരിസംഖ്യ ഈടാക്കാതെ, സൗജന്യമായി നടത്തി കൊണ്ടുപോവുക എന്നാണ് ഇപ്പോൾ സായാഹ്ന ഫൌണ്ടേഷൻ ആഗ്രഹിക്കുന്നത്.

ഇതിൽ എഴുതുന്നവർക്ക് പ്രതിഫലം നൽകാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല. എന്നാൽ ഇതിൽ പ്രസിദ്ധീകരിക്കുന്ന മികച്ച സൃഷ്ടികൾ കണ്ടെത്തി എല്ലാ വർഷവും അഞ്ചു ലക്ഷം രൂപയുടെ (5,00,000 രൂപ) ഒരു സമ്മാനം നൽകും. ഇതിന്റെ തെരഞ്ഞെടുപ്പ് വായനക്കാരുടെയും തിരഞ്ഞെടുത്ത വിധികർത്താക്കളുടെയും സ്വതന്ത്രവും സുതാര്യവുമായ അഭിപ്രായമനുസരിച്ചായിരിക്കും — ഫൌണ്ടേഷൻ ഇത് നേരിട്ട് ഉറപ്പു വരുത്തും. നമ്മുടെ മികച്ച എഴുത്തുകാർക്ക് ഒപ്പം പുതിയ എഴുത്തുകാരെയും സാഹിത്യ/സാംസ്കാരിക/രാഷ്ട്രീയ/ചരിത്ര രംഗത്തുള്ള യുവ ഗവേഷകരെയുമാണ് ഇതിൽ കൊണ്ടുവരാൻ സായാഹ്ന ആഗ്രഹിക്കുന്നത്. ഈ ശ്രമങ്ങൾക്ക് ഒപ്പം തന്നെ മലയാളത്തിലെ മികച്ച പുസ്തകങ്ങളുടെ ഒരു ഡിജിറ്റൽ ലൈബ്രറിയും സായാഹ്ന ആരംഭിച്ചിട്ടുണ്ട്. ഇതിലേക്ക് നിങ്ങളുടെ സർഗ്ഗാത്മക പിന്തുണ ഞങ്ങൾ തേടുകയാണ്. രചനകൾ തന്ന് സഹകരിക്കണം. സമാന മനസ്കരെ പരിചയപ്പെടുത്തി തരണം. നമ്മുടെ ഭാഷയിലെ ഒരു മികച്ച സാംസ്കാരിക ശ്രമമായി ഇതിനെ മാറ്റി എടുക്കാൻ കൂടെ നിൽക്കണം.

സ്നേഹത്തോടെ

**സായാഹ്ന ഫൌണ്ടേഷൻ**